(സി) വനാവകാശ നിയമം 2006 പ്രകാരം വനവിഭവശേഖരണവും, വിപണനവും ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത വനവാസികളുടെ സാമൂഹിക അവകാശമാണ്. അവർ ശേഖരിക്കുന്ന വനവിഭവങ്ങൾ വന വികസന ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികൾ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി നേരിട്ട സംഭരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തുന്നു.

ശ്രീമതി രമ്യാ മനോജിന്റെ വീട് പൊളിച്ചുമാറ്റൽ

201 (4536) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളരിമല വില്ലേജിൽപ്പെട്ട ചൂരൽമലയിൽ താമസിക്കുന്ന ശ്രീമതി രമ്യ മനോജിന്റെ വീട് വനം വകുപ്പ് അധികൃതർ പൊളിച്ചുമാറ്റിയതു സംബന്ധിച്ച് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) താമസിച്ചുവരുന്ന വീട് പൊളിച്ച് മാറ്റാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) വീട് പൊളിച്ച് മാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രീമതി രമ്യാ മനോജ് 6 വർഷമായി താമസിച്ചുവന്നിരുന്ന സ്ഥലം മേപ്പാടി റെയിഞ്ച്, മുണ്ടക്കൈ സെക്ഷൻ പരിധിയിൽ വി.എഫ്.സി.22-ൽപ്പെട്ടതും വെള്ളരിമല വില്ലേജ് റി.സ. 126-ൽ വരുന്ന അഡ്ജസെന്റ് കെ.സി. കാട് വനഭൂമിയാണ്. ടി 8 സെന്റ് വനഭൂമി ആദിവാസി വിഭാഗത്തിൽപ്പെട്ട ഗോപലൻ എന്നയാൾ കൈവശം വച്ച് വന്നിരുന്നതായിരുന്നു. പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന വീട് ടിയാൻ താല്കാലിക താമസത്തിനായി മുരളീധരൻ എന്നയാൾക്ക് നൽകിയിരുന്നതായും ടിയാൻ മനോജ് എന്നയാൾക്ക് അനധികൃതമായി വിറ്റതായും ബോധ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലം മനോജിൽ നിന്നും വീണ്ടെടുത്ത് നൽകുന്നതിനായി ശ്രീ. ഗോപാലൻ മേപ്പാടി റെയിഞ്ചിൽ പരാതി നൽകുകയുണ്ടായി. അതിനെ തുടർന്ന് ശ്രീ. മനോജിന് 2-2-2015-ന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥലം ഒഴിയുവാൻ കൂട്ടാക്കാത്തതിനെ തുടർന്നാണ് 21-2-2015-ന് പ്രസ്തുത സ്ഥലവും വീടും ഒഴിപ്പിച്ചെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീമതി രമ്യാ മനോജിന്റെ വീട് പൊളിച്ചുമാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ട്. പ്രസ്തുത വീട് ഒഴിയുന്നതിനായി ശ്രീ. മനോജിന് 2-2-2015-ന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥലം ഒഴിയുവാൻ കൂട്ടാക്കാത്തതിനെ തുടർന്ന് 21-2-2015-ന് പ്രസ്തുത സ്ഥലവും വീടും ഒഴിപ്പിച്ചെടുക്കുകയാണുണ്ടായത്.

വാച്ചർമാരുടെ സ്ഥിരപ്പെടുത്തൽ

202 (4537) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഇരുപത് വർഷം പൂർത്തിയായ വാച്ചർമാരെ സ്ഥിരപ്പെടുത്തി 2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷം എന്ന കാലയളവ് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(സി) മറ്റുവകുപ്പുകളിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് 20 വർഷത്തിൽ കുറഞ്ഞ കാലയളവാണ് അർഹതാമാനദണ്ഡമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വനം വകുപ്പ് വാച്ചർമാരുടെ സ്ഥിരപ്പെടുത്തലിന്റെ കാര്യത്തിൽ സേവന കാലയളവ് 10 വർഷമായി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2015-ലെ സ്ഥിരപ്പെടുത്തൽ ഉത്തരവിൽ അർഹരായ പലരെയും ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ ; ആരെങ്കിലും വിട്ടുപോയിട്ടുണ്ടോയെന്ന് ഡിവിഷൻ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) സ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളവരും 2015-ലെ ഉത്തരവിൽ ഉൾപ്പെടാതെപോയതുമായ മുഴുവൻ വാച്ചർമാരെയും സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷമോ അതിൽ കൂടുതലോ കാലം താല്ക്കാലികമായി തുടർച്ചയായി ദിവസവേതനത്തിൽ ജോലി ചെയ്യുവരുന്നവരും അവരുടെ സേവനം തുടർന്നും വനംവകുപ്പിന് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട വരെയുമാണ് സ്ഥിരനിയമനം നൽകുന്നതിന് പരിഗണിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly